(ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് അവസാനമായി ഹയർഗ്രേഡ് നൽകി ഉത്തരവ് ഇറക്കിയത് എന്നാണ്; പ്രസ്തുത നടപടിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ 47 തസ്തികകളുണ്ട്. എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടില്ല. സ്ഥാനകയറ്റം നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതാണ് ഇതിനു കാരണം.

(ബി) 1-4-2012 തീയതി അടിസ്ഥാനമാക്കി 29-9-2012-ൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. കൃഷി ഡയറക്ടറുടെ 7-6-2013-ലെ എസ്.ഇ.(2)21109/2013 നമ്പർ ഉത്തരവുപ്രകാരം 9 പേർക്ക് ഹയർ ഗ്രേഡ് നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ഹയർഗ്രേഡ് ലഭിച്ചവർ റിട്ടയർ ചെയ്തിട്ടുണ്ട്. അർഹരായവർക്ക് ഹയർ ഗ്രേഡ് അടിയന്തരമായി അനുവദിക്കണമെന്ന നിർദ്ദേശം കൃഷി ഡയറക്ടർക്ക് നൽകുന്നതാണ്.

(ഡി) 7-6-2013-ൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

## ദിവസ വാടകനിരക്കിൽ കാർഷിക യന്ത്രങ്ങൾ

**186 (4226)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷിക യന്ത്രങ്ങൾ ദിവസ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് അവ ലഭിക്കുന്നതെന്നും ഏതൊക്കെ യന്ത്രങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കാസർഗോഡ് ജില്ലാ ഓഫീസ് മുഖേന ട്രാക്ടർ, പവർ ടില്ലർ എന്നിവ ദിവസ വാടക നിരക്കിൽ കർഷകർക്ക് നൽകുന്നു. ട്രാക്ടറിന് ദിവസവാടക 1000 രൂപയും പവർടില്ലറിന് 300 രൂപയുമാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly